വൈദ്യുതി ചാർജ്ജ് ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക

36 (3189) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന വൈദ്യുതിക്ക് ഉടൻതന്നെ നടപടി സ്വീകരിക്കുമോ:

വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ കൊല്ലം ജില്ലയിൽ നിന്ന് പിരിഞ്ഞു കിട്ടാനുള്ള തുക എത്രയാണ്; ഏതെല്ലാം സ്ഥാപനങ്ങൾ എത്ര തുക വീതമാണ് അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കൊല്ലം ജില്ലയിലെ കൊട്ടാരക്കര, കൊല്ലം ഇലക്ട്രിക്കൽ സർക്കിളുകളുടെ പരിധിയിൽ വരുന്ന എച്ച്.ടി/ഇ.എച്ച്.ടി. വിഭാഗത്തിൽ വരുന്ന ഉപഭോക്താക്കളിൽ നിന്നും 31-3-2015-ലെ ട്രൈമാസ കണക്കുപ്രകാരം 37.58 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ഈ തുകയിൽ 4.29 കോടി രൂപ വ്യവഹാരങ്ങളിൽ ഉൾപ്പെട്ടതാണ്. ടി വിഭാഗത്തിൽ മറ്റ് സ്ഥാപനങ്ങളും അടയ്ക്കേണ്ട തുക പട്ടിക പ്രകാരം ആനുബന്ധമായി ചേർത്തിട്ടുണ്ട്. വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ കൊല്ലം ജില്ലയിൽ നിന്നും എൽ.ടി. വിഭാഗത്തിൽ 4616.06 ലക്ഷം രൂപ പിരിഞ്ഞ് കിട്ടാനുണ്ട്. ഈ വിഭാഗത്തിൽ ഉടമയിൽ കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ പേരും തുകയും ചുവടെ ചേർക്കുന്നു.

സ്ഥാപനങ്ങളുടെ പേര്	കുടിശ്ശിക തുക (ലക്ഷം രൂപയിൽ)
കൃഷി വകുപ്പ്	3.04
ബി.എസ്.എൻ.എൽ.	6.63
വനം വകുപ്പ്	4.00
ആരോഗ്യ വകുപ്പ്	5.59
കൊല്ലം ഇറിഗേഷൻ പ്രോജക്ട്	74.46
കേരള വാട്ടർ അതോറിറ്റി	2907.96
പോലീസ് വകുപ്പ്	129.52
പബ്ലിക് ഹെൽത്ത് സിസ്റ്റം	9.77
സുനാമി (റവന്യൂ)	66.09

* അനുബന്ധത്തിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എം.ടി. സ്പിന്നിംഗ്, കണ്ണൂർ	5.44
കഴിയം കയർ സൊസൈറ്റി	2.42
എം.ജി.എം. സ്കൂൾ, തൈക്കം	9.68
ശ്രീചിത്തിര ട്രസ്റ്റ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്	6.60
ഭാരതി ടെറി വെൽഫെയർ	4.98
റിഗൽ ടൈൽ വർക്സ്	4.53
പഞ്ചമി എക്സ്പോർട്ടേഴ്സ്	4.47
കോർട്ട്സ്, പെരുവണ്ണൂർ	3.80
പെരിയ സൊസൈറ്റി കമ്മ്യൂണിക്കേഷൻസ്	6.92

ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന

37 (3190) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന പ്രകാരം കോഴിക്കോട് ജില്ലയിൽ നടക്കുന്ന പ്രവൃത്തികൾ ഏതെല്ലാം;

(ബി) ഡോക്യുമെന്റ് നോഡൽ ഏജൻസിയായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (ആർ. ഇ. സി.) ഏതെല്ലാം പദ്ധതികളുടെ നിഡ് അസസ്സ്മെന്റ് സമർപ്പിച്ചിട്ടുണ്ട്; ഏതെല്ലാം പദ്ധതികളുടെ ഡി.പി.ആർ. തയ്യാറായി എന്നറിയിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ബി) ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന പ്രകാരം കോഴിക്കോട് ജില്ലയിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ലൈൻ വലിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് (ബി.പി.എൽ.) വൈദ്യുതി കണക്ഷൻ നൽകുന്നതിനും കേടായ മീറ്ററുകൾ മാറ്റുന്നതിനും നിലവിലുള്ള സബ്സ്റ്റേഷൻ അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള പദ്ധതികൾ നിഡ് അസസ്സ്മെന്റിൽ ഉൾപ്പെടുത്തി ആർ.ഇ.സി.-ക്ക് നൽകിയിരുന്നു. ഇവയെല്ലാം ഉൾപ്പെടുന്ന ഡി.പി.ആർ. തയ്യാറാക്കി, റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന് സമർപ്പിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

LIBRARY, ARCHIVES Kerala Legislative Assembly